**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 743** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പ് മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ വകുപ്പ് മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ വകുപ്പ് മുഖേന കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും, പദ്ധതികളുടെ തുക, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സംസ്ഥാന - എൻസിഡിസി- പദ്ധതി: സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അംഗങ്ങൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുമായി , പുനരുദ്ധാരണം, , ഗ്രാമീണ മാർക്കറ്റ്, മോഡൽ സഹകരണസംഘം, നീതി സ്ഥാപനങ്ങൾ, പലിശ രഹിത ലോൺ , പ്രവർത്തന മൂലധനം, ഫാർമേഴ്സ് സെൻറർ, പശ്ചാത്തല വികസനം തുടങ്ങിയ പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കായംകുളം മണ്ഡലത്തിലെ പ്രസ്തുത സഹകരണ സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ 138,67,530/- രൂപയും, സർക്കാർ ഓഹരി ഇനത്തിൽ 71,79,000/- രൂപയും, സർക്കാർ വായ്പ ഇനത്തിൽ 57,42,000/- രൂപയും ഉൾപ്പടെ ആകെ 2,67,88,530/- രൂപ അനുവദിച്ചിട്ടുണ്ട്. സംഘങ്ങൾ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. സംഘങ്ങളുടെയും നടപ്പിലാക്കിയ പദ്ധതികളുടെയും പട്ടിക അനുബന്ധമായി ചേർക്കുന്നു.<br><br>2018 ലെ പ്രളയ ദുരന്തത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക്, കായംകുളം നിയോജക മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ മുഖേന 15 കെയർ ഹോം വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതിക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധി (എസ് ഡി ആർ എഫ്) ൽ നിന്നും 14,26,500/- രൂപയും, കെയർഹോം പദ്ധതി നിർവ്വഹണത്തിനായി |

| | | | |
|---|---|---|---|
| | | | സഹകരണസംഘങ്ങളിൽ നിന്നും സംഭാവനയായി സമാഹരിച്ച തുകയായ 62,35,000/- രൂപയും ഉൾപ്പടെ ആകെ 76,61,500/- രൂപ അനുവദിച്ചിട്ടുണ്ട്. വീടുകൾ നിർമ്മിക്കുന്നതിനു പ്രസ്തുത തുകയിൽ അധികരിച്ച തുക അതാതു സഹകരണ സംഘങ്ങൾ ചെലവഴിച്ച്കൊണ്ടാണ് വീടുകൾ പൂർത്തീകരിച്ചിട്ടുള്ളത്. എല്ലാവീടുകളും യഥാസമയം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ